# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 124 28.10.2019- ൽ മറുപടിയ്ക്ക്

## നിക്ഷേപക സംഗമങ്ങൾ

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സർക്കാരിന്റെ പ്രവർത്തനഫലമായി കേരളത്തിന് നിക്ഷേപ സൗഹൃദ സംസ്ഥാനം എന്ന ബഹുമതി നേടിയെടുക്കുവാൻ സാധിച്ചതായി കരുതുന്നുണ്ടോ; | എ) | ഉണ്ട്. വ്യവസായ പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിരുന്നു. വ്യവസായം ആരംഭിക്കുന്നവർക്ക് ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നിലവിൽ വന്നിട്ടുണ്ട്. 15-ഓളം വകുപ്പുകളിൽ നിന്ന് കാലതാമസം ഇല്ലാതെ സേവനം ലഭ്യമാക്കുന്നതിന് Common Appication Form (CAF), ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് K-SWIFT ന്റെ സവിശേഷതകൾ. എന്നാൽ പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ സമീപകാലത്ത് കൂടുതൽ വ്യവസായ നിക്ഷേപത്തിനായി നിയമനിർമ്മാണം നടത്തിയിരുന്നു. ആ പരിഷ്കാരങ്ങളുടെ ചുവടുപിടിച്ച് 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതുമായ പദ്ധതികൾ/ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങൾ/ ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ടതായ |

| | | | |
|---|---|---|---|
| | | | ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവ നേടുന്നതിന് 3 വർഷത്തേക്ക് ഇളവുകൾ നൽകുന്നതിനായി ഒരു സ്വയം സാക്ഷ്യപത്രം നൽകുന്നതനുസരിച്ച് അപേക്ഷകന് ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള കാലാവധിക്കുശേഷം നിയമത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്. കൂടാതെ എല്ലാ കാറ്റഗറിയിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുമുള്ള അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള "1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിന്" ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. |
| ബി) | എങ്കിൽ ആയതിന് ഉപോല്ബലകമായി 2019 ഒക്ടോബർ 5-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദുബായിൽ വച്ച് പ്രവാസി വ്യവസായികൾ ഉൾപ്പെടെയുള്ള വിദേശ വ്യവസായികളുടെ നിക്ഷേപസംഗമം നടത്തുകയുണ്ടായോ; | ബി) | പ്രവാസി വ്യവസായികളെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് മുഖ്യമന്ത്രിയും മന്ത്രിമാരും 2019 ഒക്ടോബറിൽ നടത്തിയ സന്ദർശനം അവസരമൊരുക്കി. |
| സി) | പ്രസ്തുത ദുബായ് നിക്ഷേപ സംഗമത്തിൽ എത്ര കോടി രൂപയുടെ വാഗ്ദാനങ്ങൾ സംസ്ഥാനത്തിന് ലഭ്യമായിയെന്നും ആരുടെയൊക്കെ ഏതൊക്കെ മേഖലകളിലെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | സി), ഡി) & ഇ) | ദുബായിലെ മലയാളി ചാർട്ടേഡ് അക്കൗണ്ടന്റുമാരുമായും വിവിധ സംഘടനാ പ്രതിനിധികളുമായും, മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ചർച്ച നടത്തി. നിക്ഷേപം നടത്താൻ താൽപര്യമുള്ളവരുമായി മുഖാമുഖം ചർച്ച നടത്തി. എയർക്രാഫ്റ്റ് സ്പെയർപാർട്ട്സ് നിർമ്മാണത്തിനും, സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മേഖലകളിലും അവർ താൽപര്യം പ്രകടിപ്പിച്ചു UAE പൗരന്മാർ, പ്രവാസി ഇന്ത്യക്കാർ, മലയാളികൾ തുടങ്ങിയ പ്രമുഖ വ്യക്തികളുമായി മറ്റൊരു ചർച്ച നടത്തുകയുണ്ടായി. അതിനെ തുടർന്ന് DP World Vice President 500 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപം വാഗ്ദാനം |
| ഡി) | ഇതുമായി ബന്ധപ്പെട്ട ധാരണാപത്രം എപ്പോഴാണ് ഒപ്പു വയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| ഇ) | കൂടാതെ ദുബായ് സമ്മേളനത്തിന്റെ തുടർച്ചയായി കൊച്ചിയിൽ ആഗോള നിക്ഷേപ സംഗമം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ചെയ്യുകയുണ്ടായി. ഇതുപോലെ ഉണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർനടപടിയായി ആഗോള നിക്ഷേപ സംഗമം കൊച്ചിയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ